## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7497     14.7.2014-ൽ മറുപടിക്ക്

**ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിക്കാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) | ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | എ) | ഇല്ല. ആലപ്പുഴ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. |
| ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര ഗുണഭോക്താക്കളെകണ്ടെത്തിയിട്ടുണ്ട് ; നഗരസഭ/പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ; | ബി) & | പഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവരം **അനുബന്ധമായി** ചേർക്കുന്നു. |
| സി) | ഈ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ; | സി) | നഗരസഭകളുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു വരുന്നു. |
| ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ ഇതുവരെ തുക അനുവദിക്കാത്തതുകാരണം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | ഉണ്ട്. |
| ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ഇ) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## പഞ്ചായത്ത് അടിസ്ഥാനത്തിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ തരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 39320 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ – 80 വയസ്സിന് മുകളിൽ | 3533 |
| 3 | വികലാംഗ പെൻഷൻ | 814 |
| 4 | വികലാംഗ പെൻഷൻ – 80 ശതമാനത്തിന് മുകളിൽ | 178 |
| 5 | വിധവാ പെൻഷൻ | 5190 |
| 6 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 526 |
| 7 | കർഷക തൊഴിലാളി പെൻഷൻ | 958 |

## സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള നിലവിലുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷൻ തരം | മാനദണ്ഡം |
|---|---|---|
| 1 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1. വരുമാനപരിധി 1 ലക്ഷം<br>2. വയസ്സ് – 60<br>3. കേരള സംസ്ഥാനത്ത് 3 വർഷം സ്ഥിര താമസം. |
| 2 | വികലാംഗ പെൻഷൻ | 1. വരുമാനപരിധി 1 ലക്ഷം<br>2. അസ്ഥി വൈകല്യം ചുരുങ്ങിയത് 40%<br>3. അന്ധർ –കൂടുതൽ കാഴ്ചയുള്ള കണ്ണിൽ 6/60 അഥവാ 20/200 സ്നെല്ലനിൽ അധികരിക്കാത്തത്.<br>4. ബധിരർ – കേൾവി ശേഷി 90 ഡെസിബെല്ലിൽ കുറഞ്ഞത്<br>5. മാനസിക വൈകല്യം – ഐ.ക്യൂ 50 ൽ താഴെ |
| 3 | വിധവാ പെൻഷൻ | 1. വരുമാനപരിധി 1 ലക്ഷം |
| 4 | 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1. വരുമാനപരിധി 1 ലക്ഷം<br>2. 50 വയസ്സ് പൂർത്തിയായിരിക്കണം<br>3. കേരള സംസ്ഥാനത്ത് സ്ഥിര താമസക്കാരിയായിരിക്കണം. |
| 5 | കർഷക തൊഴിലാളി പെൻഷൻ | 1. വാർഷിക വരുമാനം 11,000/– രൂപ<br>2. 60 വയസ്സ് പൂർത്തിയായിരിക്കണം.<br>3. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം.<br>4. അപേക്ഷിക്കുന്നതിന് തൊട്ടുമുമ്പ് തുടർച്ചയായി 10 വർഷമെങ്കിലും കേരളത്തിൽ സ്ഥിര താമസമാണെന്ന് തെളിയിക്കുന്ന രേഖ |

സെക്ഷൻ ഓഫീസർ